## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2951 19.06.2014 - ൽ മറുപടിക്ക്,**

## <u>ശബരിമല പൂവത്തുംമൂട്ടിൽ നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച്റോഡ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. രാജു എബ്രഹാം :** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) ശബരിമലയിലേക്ക് തിരുവാഭരണം കൊണ്ടു പോകുന്ന പാതയിലെ പൂവത്തുംമൂട്ടിൽ എന്നാണ് പാലം നിർമ്മിച്ചത് ; | (എ) ശബരിമലയിലേക്ക് തിരുവാഭരണം കൊണ്ടു പോകുന്ന പാതയിലെ പൂവത്തുംമൂട്ടിൽ പാലത്തിന്റെ പണി 31.07.2008 - ലാണ് തീർത്തത്. |
| (ബി) അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പാലം ഔദ്യോഗികമായി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അപ്രോച്ചു റോഡ് നിർമ്മാണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) ആവശ്യമായ ഭൂമി ലഭിക്കാതിരുന്നതുകൊണ്ടാണ് ഭരണാനുമതി നൽകാതിരുന്നത്. |

(ഡി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണ് ; അടിയന്തരമായി പ്രസ്തുത റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകാനും, പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത് സർക്കിൾ, തിരുവനന്തപുരത്തിന്റെ ഓഫീസിൽ pending ആണ്. ബാക്കി വരുന്ന പണികൾക്ക് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പത്തനംതിട്ട ഡിവിഷൻ ഓഫീസിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഭരണാനുമതി കഴിയുന്നതും വേഗം നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**